<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6785</u> <u>11-07-2024 - ൽ മറുപടിയ്ക്</u>

<u>കൈപ്പമംഗലം മണ്ഡലം - ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ റവന്യൂ ടവർ നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ അനുവദിക്കപ്പെട്ടിരിക്കുന്ന റവന്യൂടവർ നിർമ്മാണത്തിനായി ഭൂമിയുടെ കൈമാറ്റവും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തീകരിച്ച സാഹചര്യത്തിൽ വളരെ വേഗത്തിൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | കൈപ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ അനുവദിക്കപ്പെട്ടിരിക്കുന്ന മതിലകം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലാ കളക്ടറുടെ 21/6/2024-ലെ നടപടിക്രമം പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 0.810 ഹെക്ടർ ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 27.05.2024 തീയതിയിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ വച്ച് കൈപ്പമംഗലം നിയോജക മണ്ഡലം എം.എൽ.എ- യുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷനിൽ ഉൾക്കൊള്ളിക്കേണ്ട ഓഫീസുകളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുകയുണ്ടായി. തുടർന്ന്, ടോപ്പോഗ്രാഫിക് സർവ്വെ, മണ്ണ് പരിശോധന എന്നിവ നടത്തി ആർക്കിടെക്ചറൽ ഡ്രോയിങ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയ ഭവന നിർമ്മാണ ബോർഡ് സ്വീകരിച്ചുവരികയാണ്. ആയതിനുശേഷം പദ്ധതി സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ